ജൂൺ 19 വായനാദിനം

## വായനയുടെ ചിറകുകൾ


# മലമുകളിലെ ദേവി



ഷീല ടോമി

പാണ്ഡവപുരം ആശ്വാസമാണ്. ആശ്വാസം മാത്രമാണ്. ഇന്നും അസ്വസ്ഥമായ മനസ്സുകളിൽ പാണ്ഡവപുരം രൂപം കൊള്ളുന്നു.

വായനയുടെ ആദ്യനാളുകളിൽ എന്നോടൊപ്പം കൂടിയവളാണ ദേവി. കാലമെത്ര കഴിഞ്ഞിട്ടും അവസാനിക്കാത്ത ദേവിയുടെ കാത്തിരിപ്പ് മാതിരി ആദ്യമായ് അറിഞ്ഞ അതേ മട്ടിൽ ഇന്നും *പാണ്ഡവപുരം* വിസ്മയിപ്പിക്കുന്നു. പരിഭ്രമിപ്പിക്കുന്നു. ഒരുപാട് പുസ്തകങ്ങൾ പിന്നാലെ വന്നുപോയിട്ടും വലകെട്ടിത്തിരിച്ച ഓറഞ്ചുതോട്ടങ്ങൾക്കപ്പുറം മലമുകളിൽ കുടികൊള്ളുന്ന ദേവിയെ മൂടൽമഞ്ഞിലൂടെ ഇന്നും




കാണുന്നു. അവളുടെ നെറുകയിൽനിന്ന് അടർന്നുവീഴുന്ന സിന്ദൂരം കാണുന്നു. ശോണിമ പടർന്ന് ജ്വലിക്കുന്ന മുഖം കാണുന്നു. പതിനാലോ പതിനഞ്ചോ വയസ്സിൽ സ്കൂൾ ലൈബ്രറിയിൽനിന്നെടുത്ത് വായിക്കുമ്പോൾ അന്നേക്ക് നോവൽ എഴുതി പത്തുവർഷം കഴിഞ്ഞിരിക്കണം. പത്തുവർഷങ്ങൾക്കു ശേഷം മാറ്റിയെഴുതാൻ ശ്രമിച്ച് വേണ്ടെന്നുവച്ച എന്ന സേതുവിന്റെ മുഖക്കുറിയിരുന്ന ആദ്യതാളിൽ. എങ്ങനെ സാധിക്കും ദേവിയെ മാറ്റിയെഴുതാൻ! അവൾ അതിനോടകംതന്നെ തിരുത്തപ്പെടാനാകാത്തവണ്ണം വളർന്നുകഴിഞ്ഞിരുന്നല്ലോ.

ദേവിയുടെ സഞ്ചാരം തുടങ്ങിയ കാലംതൊട്ട് ആളൊഴിഞ്ഞ റെയിൽവേ പ്ലാറ്റ്ഫോമിലെ ബെഞ്ചിൽ ഒരിക്കലും വന്നെത്താത്ത അതിഥിയെ കാത്ത് മുഷിഞ്ഞ സാരിയിൽ അവളുണ്ട്. അഭയാർത്ഥികളുടെ കോളനിക്കപ്പുറത്ത് ഒട്ടകങ്ങളും പുള്ളിപ്പശുക്കളും മേയുന്ന പുൽമൈതാനത്തിലൂടെ അവൾ നടന്നുപോകുന്നുണ്ട്. 'തനിച്ച്. വളരെ തനിച്ച്.' മൈതാനം മുറിച്ചുകടന്ന് കമ്പിവേലി കെട്ടിത്തിരിച്ച ഓറഞ്ചുതോട്ടങ്ങളുടെ നടുവിലുള്ള നനഞ്ഞ പാതയിലൂടെ എങ്ങോട്ടെന്നില്ലാതെ അവൾ നടന്നുകൊണ്ടിരിക്കുന്നു; അനേകമനേകം അനുവാചകരിലൂടെ. 'ചുവന്ന തറയോടുകൾ പാകിയ മഞ്ഞച്ചായമടിച്ച തകരത്തിന്റെ മേൽക്കൂരകളുള്ള കുറേ കൊച്ചു വീടുകൾ.

പിറകിൽ അച്ചിൽ വാർത്തിട്ട മഞ്ഞനിറമുള്ള കെട്ടിട ങ്ങൾ.' ആകെ മഞ്ഞനിറമുള്ള ആ കോളനിയിൽ രാവിൽ ഇരുളിൽ ഒരു ജനാലയ്ക്കരികിൽ അവളുണ്ട്.

അനിശ്ചിതത്വത്തിന്റെയും നിഗൂഢതയുടെയും ആകർഷണ വലയത്തിൽ ആസ്വാദകരെ കുടുക്കിയിടാൻ സേതുവിന്റെ എഴുത്തിന്റെ മാസ്മരികതയ്ക്ക് കഴിഞ്ഞു. പാണ്ഡവപുരത്തെ വ്യത്യസ്തമാക്കുന്നത് അതൊന്നുമാത്രമല്ല. നിശ്ചയമായും പെണ്മയുടെ ആഘോഷമാണ് *പാണ്ഡവപുര*ത്തിന്റെ ശക്തി. എന്നാൽ, പതിനഞ്ചുവയസ്സുള്ള ഒരു പെൺകുട്ടിയെ ആദ്യ വായനയിൽ ഭ്രമിപ്പിച്ചത് ദേവിയിലെ നിഗൂഢത തന്നെയെ ന്ന് നിസ്സംശയം പറയാം. ഭാവനയ്ക്ക് ചിറകുകൾ മുളയ്ക്കുന്ന കാലമായിരുന്നല്ലോ അത്. വയനാടൻ ഗ്രാമങ്ങൾക്കപ്പു റം അധികമൊന്നും ലോകം കണ്ടിട്ടില്ലാത്ത പെൺകു ട്ടിക്ക് ദേവി നടന്ന വഴികളും ദേവിയുടെ കാത്തിരിപ്പും അന്ന് വല്ലാത്തൊരു അനുഭൂതി നൽകി. എന്തൊരു മായികലോകമാണത്! പാണ്ഡവപുരം ദേവിയെയാണോ അല്ലെങ്കിൽ ദേവി പാണ്ഡവപുരത്തെയാണോ ഉള്ളി ലേക്ക് ആവാഹിച്ചത്! ഭാവനയുടെ അതിരുകളെല്ലാം അതിലംഘിച്ച് പറക്കാൻ ദേവിയെ, ഒപ്പം എന്നെയും, പ്രാപ്തയാക്കുകയായിരുന്നു, മോഹിപ്പിക്കുകയായിരുന്നു, പാണ്ഡവപുരം.

കാലം പോകവേ തുടർവായനകളിൽ പാണ്ഡവപുരം സ്ത്രീ ശക്തിയുടെ ഗാഥയായ് മാറുന്ന വൈഭവം ഞാനറിഞ്ഞു. പെണ്ണിനു മുൾവേലികൾ തീർക്കുന്ന സമൂഹം. സദാചാരം അടിച്ചേല്പിക്കപ്പെടുന്ന അച്ചടക്കം. അവക്കെല്ലാം പ്രതിരോധം തീർക്കാൻ, ഭാവനാലോകത്തിലെങ്കിലും വിലക്കുകളെ അതിലംഘിക്കാൻ, വെമ്പൽ കൊള്ളുന്ന സ്ത്രീമനസ്സ്. എത്രമേൽ അയത്നലളിതമായി എഴുത്തു കാരൻ അത് ഉൾക്കൊണ്ട് പകർത്തുന്നു! അവളുടേതാ യിരുന്നിട്ടും അവളുടേതല്ലാത്ത, എന്നാൽ ചിന്തയുടെ ഓരോ കോണിലും അസാന്നിദ്ധ്യത്തിലും സാന്നിദ്ധ്യ മായ അകലങ്ങളിലെ നാട്. അവൾക്കൊരിക്കലും നടന്നെത്താൻ കഴിയാത്ത മഞ്ഞുവീണ ഇടവഴികൾ. അവളിൽ ഉന്മാദമായി പടരുന്ന ദേശം. അപരിചിത മെങ്കിലും പരിചിതമായ ആ ലോകം ഓരോ പെണ്ണി ന്റെ മനസ്സിലുമുണ്ട്; ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ. ഉന്മാദത്തിന്റെ ചെമ്പരത്തി ക്കാട് അവൾക്കുള്ളിൽത്തന്നെയുണ്ട്. മഞ്ഞക്കെ ട്ടിടങ്ങൾക്കു മുകളിലെ പഴുത്തുവിങ്ങിയ ആകാശം അവളുടെ മനസ്സുതന്നെ. 'കൈയ്യിൽ കിട്ടുന്ന ഓരോ കല്ലും കുപ്പിച്ചില്ലും ഓരോ കടന്ന വായുവും പിന്നെ വേർതിരിച്ചറിയാവുന്ന ശബ്ദങ്ങളും ഗന്ധങ്ങളും നൽകുന്ന അറിവും എല്ലാം ചേർത്തുവച്ച്' അവൾ മെനഞ്ഞുണ്ടാക്കുന്നുണ്ട് അവളുടെ പാണ്ഡവപുരം. അത് ആയിരം നാഴിക അകലെയാണെങ്കിലും.

ഒരുപക്ഷേ, കാലത്തിനുമുമ്പേ സഞ്ചരിക്കുകയായി രുന്നു *പാണ്ഡവപുരം* എന്നുപറയാം. പുതുക്കപ്പെട്ട പെണ്ണനുഭവങ്ങളുടെയും സ്ത്രീപക്ഷ ചിന്തകളുടെ



യും പെണ്ണുടൽ കരുവാക്കുന്ന വിപണനത ന്ത്രങ്ങളുടെയും സമകാലീന പരിസരങ്ങളിൽ *പാണ്ഡവപുരം* നൽകുന്ന വായനകൾ ഇന്നലെ ത്തേതിൽനിന്ന് വ്യത്യസ്തമാകാം. അന്നത്തെ ദേവിയുടെ ഉന്മാദലോകം ഇന്നത്തെ യാഥാർ ത്ഥ്യലോകമാകാം. ഭാവനയിൽ മാത്രം ദേവി ലംഘിച്ച ലക്ഷ്മണരേഖകൾ ഇന്നവൾ ധീരമായ് ചാടിക്കടക്കും. സ്വത്വപോരാട്ടങ്ങളുടെ, ലിംഗ നീതിക്കായുള്ള യുദ്ധങ്ങളുടെ, പ്രതീകമായി നെറ്റിയിൽ പടരുകയാണ് സിന്ദൂരത്തിന്റെ രക്തവർണ്ണം. അവളുടെ ഉൾപ്രപഞ്ചം, കാമന കൾ, ഇന്ന് ബാഹ്യപ്രപഞ്ചത്തിൽ വേർതിരി ക്കാനാവാത്തവിധം വിലയംകൊണ്ടിരിക്കുന്നു. മതിൽക്കെട്ടുകൾ അവൾ തകർത്തുകഴിഞ്ഞിരി ക്കുന്നു. 'ഈ മുറിക്ക്, തൊടിക്കുചുറ്റും അവളുടെ മാന്ത്രികവലയമുണ്ട്. അത് മുറിച്ചു കടക്കാൻ തനിക്കാവില്ല. ഇപ്പോൾ കൺമുന്നിലുള്ള സത്യം ഒന്നേ ഒന്നു മാത്രമാണ്. മറികടക്കാൻ വയ്യാത്ത ഈ മായാവലയം'


ദേവി തന്നെ ഇവിടെ ഒരു ബിംബമാണല്ലോ. ഏതാണ് യഥാർത്ഥം! ഏതാണ് അയഥാർത്ഥം! ഏതു ദേവിയാണ് സത്യം! ഏതാണ് മിഥ്യ! പെ ണ്മയുടെ ഉണ്മയും ദ്വന്ദ്വഭാവങ്ങളും ധ്വനിപ്പിക്കുന്ന കവിതപോലെ ഒരുവൾ. അവളിൽ നിസ്സഹാ യതയുണ്ട്. സ്നേഹമുണ്ട്. അഭിനിവേശമുണ്ട്. സാത്വികതയുണ്ട്. ഒപ്പം തിരസ്കരിക്കപ്പെട്ടതിലെ പകയുണ്ട്. രൗദ്രഭാവവുമുണ്ട്. ഉപേക്ഷിച്ചുപോയ ഭർത്താവ് കുഞ്ഞിക്കുട്ടനോ അധീശത്വത്തിന്റെ, പരനിന്ദയുടെ, ആൾരൂപം ഉണ്ണിമേനോനോ ആയിരം നാഴികകൾ താണ്ടിവന്ന ജാരനോ മന സ്സിലാക്കാനാവാത്ത ഒരു ദേവിയുണ്ട്. ഉള്ളിൽ നിശ്ശബ്ദമായി അവൾ നടത്തുന്ന വിപ്ലവമുണ്ട്. ചങ്ങലകൾ നിസ്സാരമായ് പൊട്ടിച്ചെറിയാൻ വെ മ്പുന്ന ശക്തിയാണ് ഉണ്മയായ ദേവി. 'എനിക്ക് നിങ്ങളെ തോല്പിക്കണം. നിങ്ങളുടെ ചോരയെ ടുത്ത് പൊട്ടു തൊടണം. കുടൽമാലയെടുത്തു കഴുത്തിൽ അണിയണം. നിങ്ങളുടെ മാത്രമല്ല. നിങ്ങളെപ്പോലെയുള്ള ഓരോ പുരുഷന്റെയും.' പുരുഷാധിപത്യം കല്പിച്ചു നൽകുന്ന പതിവു വാർ പ്പുമാതൃകകൾ തച്ചുടച്ച് സ്വയംപര്യാപ്തത ആർ



ജ്ജിച്ചവൾ ഇപ്രകാരം മുടിയഴിച്ചാടുകയാണ്. അകാരണമായി ഭർത്താവിനാൽ പരിത്യജിക്കപ്പെട്ടവൾ നിരാശയുടെ പടുകുഴിയിൽ നിന്ന് അലറുന്ന അലറലാണത്. സർവ്വംസഹയായ് പുറംലോകം കാണുന്ന പെണ്ണിന്റെ ഉള്ളിൽ കെടാതെ കിടക്കുന്ന കനൽ ആളിക്കത്തിയ ഒരു സുമുഹൂർത്തം. പുരുഷവിദ്വേഷമല്ല; മറിച്ച്, നിരാലംബതയുടെ അവസാനത്തെ പൊട്ടിത്തെറി മാത്രമാണത്. സ്റ്റേഷനിൽ കാത്തിരിക്കുന്ന ദേവിയിൽ താഴ്മയുടെയും ദുർബ്ബല സ്ത്രീവികാരങ്ങളുടെയും സാക്ഷ്യങ്ങൾ തേടുന്നവർ അറിയുന്നില്ല ദേവിയുടെ ഈ ജ്വലിക്കുന്ന രൂപം. ജാരനെ കീഴടക്കുന്ന ഒറ്റച്ചിലമ്പിട്ട കണ്ണകി അവളിൽ കുടികൊള്ളുന്നുണ്ടെന്ന് ആരറിയാൻ! ഇന്നലെയുടെയല്ല, ഇന്നിന്റെ പ്രതിനിധിയായ ദേവി മിത്തുകൾ പൊളിക്കുകയാണ്. ആണത്തമോ അധീശത്വമോ വകവയ്ക്കാത്ത പെണ്ണത്തത്തിന്റെ തുറന്ന പുൽമൈതാനങ്ങളിലാണ്

പെൺപിറവിയുടെ അകം കാണാൻ നടത്തിയ വിദ്ധ്വംസകമായ ശ്രമമായിരുന്നു *പാണ്ഡവപുരം*. പെണ്ണിനെയും ആൺ-പെൺബന്ധത്തെയും ലൈംഗികതയെയും കുറിച്ചുള്ള വ്യവസ്ഥാപിത സങ്കല്പങ്ങളെ അതു പിടിച്ചുലച്ചു" എന്ന് പി.കെ. രാജശേഖരൻ 'പെണ്ണകങ്ങൾ'ക്ക് എഴുതിയ അവതാരികയിൽ നിരീക്ഷിക്കുന്നത് യുക്തമാണ്. "ഇരുണ്ട രാഷ്ട്രീയ ഫാന്റസിയിലൂടെ ഇന്ത്യ കടന്നുപോയ അടിയന്തരാവസ്ഥക്കാലം *പാണ്ഡവപുര*ത്തിന്റെ ഭ്രമാത്മക ഘടനയിലും സ്വാധീനം ചെലുത്തി" എന്ന് നിരൂപകൻ പറയുന്നത് രസകരമാണ്. 'സ്ത്രീയുടെ ലൈംഗികതയെക്കുറിച്ചുള്ള പുരുഷന്റെ ഭയമാണ് *പാണ്ഡവപുര*ത്തിൽ ദേവിയായി മാറുന്നത്' എന്നും പി.കെ. അടയാളപ്പെടുത്തുന്നുണ്ട്. ഭയമോ വിഭ്രമമോ, അത് എന്തുതന്നെയായാലും ദേവി ഒരു പൊളിച്ചെഴുത്തു തന്നെയെന്ന് സമ്മതിക്കാതെ വയ്യ. യുഗങ്ങളായ് മാതാവായും ദുർഗ്ഗയായും

അവളുടേതായിരുന്നിട്ടും അവളുടേതല്ലാത്ത, എന്നാൽ ചിന്തയുടെ ഓരോ കോണിലും അസാന്നിദ്ധ്യത്തിലും സാന്നിദ്ധ്യമായ അകലങ്ങളിലെ നാട്. അവൾക്കൊരിക്കലും നടന്നെത്താൻ കഴിയാത്ത മഞ്ഞുവീണ ഇടവഴികൾ. അവളിൽ ഉന്മാദമായി പടരുന്ന ദേശം.



ഇന്ന് അവളുടെ പാദങ്ങൾ ചലിക്കുന്നത്.

നോക്കൂ, മാജിക്കൽ റിയലിസത്തിന്റെ മൂടൽമഞ്ഞ് മാറിയാൽ തെളിയുന്ന ദേവീരൂപം മറ്റൊന്നാണ്. ഒരു പിഞ്ചുകുഞ്ഞിനെ പോറ്റി ഒറ്റയ്ക്ക് ജീവിതം നയിക്കേണ്ടിവരുന്ന ഭർത്തൃപരിത്യക്തയായ ഒരു സാധാരണക്കാരി. താൻ കൊടുത്ത സ്നേഹത്തിന്റെ നൂറിലൊന്നുപോലും തിരിച്ചുകിട്ടാത്ത ഹതഭാഗ്യ. അവളുടെ ഇരുളടഞ്ഞ വീട്ടകത്തെ കനത്ത ഏകാന്തത. അവളിൽ ജാരസംസർഗ്ഗം കൂടി ആരോപിക്കപ്പെട്ടുവെന്നാലോ! എന്നാൽ, മനോബലംകൊണ്ട് അവൾ അവൾക്കുതന്നെ പ്രതിരോധം തീർക്കുന്നു. അവളുടെ ദുർബ്ബല പ്രകൃതി രൗദ്രതയിലേക്ക്, ശക്തിയിലേക്ക്, ആളിപ്പടരുന്ന മായികകാഴ്ചയാണ് *പാണ്ഡവപുരം*. പാണ്ഡവപുരത്തെ അല്ലെങ്കിൽ ഏതോ ഒരു പേരറിയാ കേരളഗ്രാമത്തിലെ ദേവി, പുരുഷന്റെ ഇച്ഛയ്ക്കും താത്പര്യത്തിനും അനുഗുണമായി മാത്രം വാർത്തെടുക്കപ്പെട്ട ഖസാക്കിലെ മൈമൂനയേക്കാൾ എത്രയോ കാതം മുകളിലാണ്!

"ആസ്വാദനത്തിന്റെയും ആഖ്യാനത്തിന്റെയും

ആരാധിക്കപ്പെടുമ്പോഴും സ്വന്തം ഉടലിനുമേലുള്ള അധികാരം പോലും നിഷേധിക്കപ്പെട്ടവളായി ഇന്നും വീട്ടകങ്ങളിലും ബാഹ്യലോകത്തും പീഡനങ്ങൾ ഏറ്റുവാങ്ങുന്ന ഉപകരണമായി മാറുന്നവൾ. രൗദ്രയായ്, കാളിയായ്, അവളുടെ രൂപാന്തരീകരണം നിശ്ചയമായും അടിമുടി ഒരു വിപ്ലവം തന്നെ. അവളെ കീഴടക്കാനുള്ള, രാജ്യങ്ങൾ കീഴടക്കാൻ പോലുമുള്ള, ഉപാധിയായ് എക്കാലവും സ്ത്രീയുടൽ മാറുമ്പോൾ ദേവി ചരിത്രം തിരുത്തിയെഴുതുന്നു. പരിത്യക്തയായ യുവതി കേവലം മരവിച്ച ഉടലല്ല. അവൾക്കും അഭിലാഷങ്ങളും ആഗ്രഹങ്ങളും ഉണ്ട്. പരസ്യമായ് വിലക്കുവാനും ഒളിച്ചും പാത്തും പ്രാപിക്കാനും വരുന്ന സമൂഹത്തോട് അവൾ യുദ്ധം പ്രഖ്യാപിക്കുന്നു. പാണ്ഡവപുരത്തെ കുന്നിൻമുകളിലെ കരിങ്കൽച്ചുമരുകൾക്കുള്ളിലെ കോവിലിലെ പ്രതിഷ്ഠ പരമ്പരാഗത സ്ത്രീസങ്കല്പമായ കരുണാമയികളായ ദേവതമാർ, ലക്ഷ്മിപാർവ്വതിമാർ, അല്ല; തിന്മകൾക്കെതിരേ പോരാട്ടം നടത്തുന്ന ഭീകരരൂപിയായ ദുർഗ്ഗയാണ്. സേതുവിന്റെ കഥാപാത്രം ദേവി, ദുർഗ്ഗയായിത്തന്നെ പരിണമിക്കുകയാണ്. പാണ്ഡവപുരത്തെ ആബാലവൃദ്ധം പെൺപ്രജകളുടെ സംരക്ഷകയായ മലമുകളിലെ ദേവിയുമായി



ദേവി ടീച്ചർ താദാത്മ്യം പ്രാപിക്കു മ്പോൾ മിത്തിലേക്കും അനുഷ്ഠാന ത്തിലേക്കും തിരിഞ്ഞുനടക്കുകയല്ല. മറിച്ച്, അവളിൽ കല്പിച്ചുനൽകപ്പെട്ട വിധേയത്വത്തിന്റെ ഉടുപ്പുടവ വലിച്ചെ റിഞ്ഞ് അവൾ പ്രകൃതിയായ് ചെറു ത്തുനില്പ്പ് തുടങ്ങുകയാണ്. അവളെ തടവിലാക്കുവാൻ ഉപാധിയാക്കുന്നത് ഉടലാണെങ്കിൽ  ആ ഉടൽ തന്നെ അവൾ ആയുധമാക്കുന്നു.

സന്ദർശകൻ പറയുന്ന കഥയിൽ പാണ്ഡവപുരം പണ്ട് പാണ്ഡവന്മാർ താമസിച്ചിരുന്ന വനമായിരുന്നു. അവിടെ വന്നിറങ്ങിയ വിദേശികൾ അവിടെ നാഗരിക സംസ്കാരം കൊണ്ടുവരുന്നു. ആദിമവാസികളും ജന്തുജാലങ്ങളും ആട്ടിയോടിക്കപ്പെ ടുന്നു. അധീശശക്തികൾ അവിടെ വ്യവസായശാലകളും കോളനികളും സ്ഥാപിക്കുന്നു. വന്യത്തിൽനിന്ന് നാഗരികതയിലേക്കുള്ള ദേശത്തിന്റെ പരിവർത്തനമായും പാണ്ഡവപുരം വായിക്കാം. സന്ദർശകൻ പറയുന്ന മറ്റൊരു പുരാവൃത്തത്തിലെ ദ്രൗപദി ഭർത്താക്കന്മാരെ ഉപേക്ഷിച്ചിറങ്ങി കുന്നിൻമുകളിൽ ധ്യാനിച്ച് ദേവിയായി പാണ്ഡവപുരത്തെ കന്യകകളുടെയും സുമംഗലികളുടെയും സംരക്ഷകയായി മാറുകയാണ്. സ്വന്തം സ്വത്വത്തെ കണ്ടെടുക്കുമ്പോഴാണ് സ്ത്രീ ദേവ തയായി മാറുന്നത് എന്ന് സേതു ഇതിഹാസത്തെ മാറ്റി എഴുതുന്നു. ചില എഴുത്തുകൾ നമ്മിലേക്ക് ഇറങ്ങിവ രുന്ന വഴികൾ എത്ര പ്രവചനാതീ തമാണ്! അവ നമ്മിൽ തീർക്കുന്ന ഭാവനാപ്രപഞ്ചങ്ങൾ അത്ഭുതകരവും... സേതുവിന്റെ ഓരോ നോവലിലും പെണ്ണകങ്ങളിലേക്കുള്ള വിഭിന്നമായ യാത്രകൾ നമുക്കു കാണാം. എന്നാൽ പാണ്ഡവപുരത്തെ ദേവി ഒരേ ഒരാൾ മാത്രം!  പാണ്ഡവപുരം ആശ്വാസമാ ണ്. ആശ്വാസം മാത്രമാണ്. ഇന്നും അസ്വസ്ഥമായ മനസ്സുകളിൽ പാണ്ഡ വപുരം രൂപം കൊള്ളുന്നു.

ഷീല ടോമി | വല്ലി, 15/1208,
ജ്യോതിപ്രകാശ് റോഡ്, മേരിക്കുന്ന്,
കോഴിക്കോട്-673012 | 8281091609